● സബ് ജില്ലാ കലോത്സവം വിജയക്കൊടി പാറിച്ച കോട്ടൺഹിൽ ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ ടീം.

സബ്ജില്ലാ കലോത്സവത്തിൽ വിജയക്കൊടി പാറിച്ച് കോട്ടൺഹിൽ ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ

തിരുവനന്തപുരം: തിരുവനന്തപുരം സൗത്ത് സബ്ജില്ല കലോത്സവത്തിൽ ഓവറാൾ ട്രോഫികളിൽ മുത്തമിട്ട് കോട്ടൺഹിൽ സ്കൂൾ. യു.പി, എച്ച്.എസ്. വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം നേടാൻ കോട്ടൺഹില്ലിന് കഴിഞ്ഞു.

ഒടട വിഭാഗത്തിൽ രണ്ടാം സ്ഥാനവും സംസ്കൃതം കലോത്സവത്തിൽ യു.പി, എച്ച്.എസ്. വിഭാഗങ്ങളിൽ രണ്ടാം സ്ഥാനവും ഇവർ കരസ്ഥമാക്കി.സബ്ജില്ലയിൽ ഓവറോൾ രണ്ടാം സ്ഥാനവും നേടിയിട്ടുണ്ട്. അൺ എയ്ഡഡ് ഭീമന്മാരോട് ഇഞ്ചോടിഞ്ച് പൊരുതിയാണ് ഈ മിന്നും നേട്ടം കോട്ടൺഹിൽ സ്വന്തമാക്കിയത്. സബ്ജില്ലയിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ സർക്കാർ വിദ്യാലയവും കോട്ടൺഹിൽ ഗവ. ഗേൾസ് ഹയർ സെക്കണ്ടി സ്കൂളാണ് .കഴിഞ്ഞ നാല് മാസത്തോളമായി കലോത്സവം കൺവീനർ ചിത്രാദേവി ടീച്ചറുടെയും അധ്യാപകരായ സജിത്, അനീഷ, കലാലക്ഷ്മി, രേണു, അജിത, അമൃത എന്നിവരുടെയും നേതൃത്വത്തിൽ നടത്തിയ ചിട്ടയായ ഏകോപനവും കുട്ടികളുടെ സ്ഥിരോത്സാഹവും പ്രയത്നവുമാണ് ഈ നേട്ടത്തിന് പിന്നിൽ.

പ്രിൻസിപ്പൽ വി ഗ്രീഷ്മ ഹെഡ്മിസ്ട്രസ്സുമാരായ ജി ഗീത, എസ് അനിത, പി.ടി.എ. പ്രസിഡന്റ് ഡോ. അരുൺമോഹൻ, എസ്.എം.സി. ചെയർമാൻ എം എസ് ബ്രിജിത് ലാൽ, അധ്യാപകർ ,രക്ഷിതാക്കൾ, കോട്സ എന്നിവരുടെ പിന്തുണ കലോത്സവത്തിന്റെ വിജയക്കൂട്ടാണ്.

ട്രൂ ഇന്ത്യൻ പുരസ്കാരം സമ്മാനിച്ചു

പത്തനാപുരം: ഡോംബിവില്ലി സാംസ്കാരിക വിനിമയം ലക്ഷ്യമായി പ്രവർത്തിക്കുന്ന ട്രൂ ഇന്ത്യൻ ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വിസ്മരിക്കപ്പെട്ട പ്രതിഭകളെ ആദരിക്കൽ ചടങ്ങും വിവിധ മേഖലകളിൽ പ്രതിഭ തെളിയിച്ചവരെ ആദരിക്കുന്ന പരിപാടിയുമായ 'വീണ്ടും വസന്തം' വിപുലമായി ആഘോഷിച്ചു.

സിനിമാ രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള ചന്ദ്രപ്രഭാ പുരസ്കാരം സംവിധായകൻ പി. ചന്ദ്രകുമാറും പത്തനാപുരം ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ, പി.ആർ. കൃഷ്ണൻ, മോഹൻ നായർ എന്നിവർ ട്രൂ ഇന്ത്യൻ പുരസ്കാരം സ്വീകരിച്ചു. ടി.ആർ. ചന്ദ്രൻ അധ്യക്ഷത വഹിച്ചു. ട്രൂ ഇന്ത്യൻ പ്രസിഡന്റ് സി.ജി. വാരിയർ ആമുഖ പ്രഭാഷണം നടത്തി. ഡോംബിവില്ലി കേരളീയ സമാജം ചെയർമാൻ വർഗീസ് ഡാനിയൽ, മുംബൈ സാഹിത്യവേദി കൺവീനർ കെ.പി. വിനയൻ, ഉപേന്ദ്ര കെ. മേനോൻ, ശ്വേതാ വാരിയർ, അഡ്വ. എ. സുകുമാരൻ, ഉമ എസ്. നായർ, ശരത് വാരിയർ എന്നിവർ പ്രസംഗിച്ചു.

വാർഡ് കമ്മിറ്റി രൂപീകരിച്ചു

ഓയൂർ: കോൺഗ്രസ് പുന്നക്കോട് വാർഡ് കമ്മിറ്റി രൂപീകരിച്ചു. അനിൽ രാജന്റെ അധ്യക്ഷതയിൽ മണ്ഡലം പ്രസിഡന്റ് കെ. ബിനോയ് ഉദ്ഘാടനം ചെയ്തു. പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എസ്. മായയെ ചടങ്ങിൽ ആദരിച്ചു. കോൺഗ്രസ് ബ്ലോക്ക് വൈസ് പ്രസിഡന്റ് ബി. ബിനോയ്, ഗ്രാമ പഞ്ചായത്ത് മുൻ അംഗം ഫിലിപ്പ് മാത്യു, ജനറൽ സെക്രട്ടറി വിപിൻ റോയ്, എക്സിക്യൂട്ടീവ് അംഗം സോമൻ, സജൻ, കെ.എസ്.യു. സംസ്ഥാന കമ്മിറ്റി അംഗം സിനു മരുതമൺപള്ളി, സച്ചു മജ്നു, വിനോദ് മരുതമൺപള്ളി എന്നിവർ പ്രസംഗിച്ചു.

സ്കൂളിൽ സാമൂഹിക വിരുദ്ധരുടെ ആക്രമണം; ഫയലുകളും ബുക്കുകളും കത്തിച്ചു

ചാത്തന്നൂർ: സ്കൂളിൽ സാമൂഹിക വിരുദ്ധരുടെ ആക്രമണം. ക്ലാസ് റൂമിന്റെ പൂട്ടുകൾ തകർത്ത് ഫയലുകളും ബുക്കുകളും കത്തിച്ചു. ചാത്തന്നൂർ താഴം വാർഡിൽ ചാത്തന്നൂർ കൊച്ചാലുംമൂട് റോഡിൽ ചാമവിള ജങ്ഷന് സമീപം പ്രവർത്തിക്കുന്ന ദേവി നഴ്സറി സ്കൂളിലാണ് കഴിഞ്ഞ ദിവസം രാത്രി സാമൂഹിക വിരുദ്ധരുടെ ആക്രമണമുണ്ടായത്.

ഓഫിസ് റൂമുകളുടെയും ക്ലാസ് റൂമുകളുടെയും പൂട്ടുകൾ തകർത്ത് ഫയലുകളും ബുക്കുകളും കത്തിച്ചു. ഓഫീസ് മുറിയിൽ നിന്ന് സുപ്രധാന ഫയലുകൾ കാണാതായി. കൂടാതെ കമ്പ്യൂട്ടർ ലാബിന്റെ പൂട്ടുകൾ തകർത്ത് ഉപകരണങ്ങൾ നശിപ്പിച്ചു. രാവിലെ സ്കൂൾ സ്റ്റാഫുകൾ എത്തിയപ്പോൾ ഓഫിസ് റൂമിൽ നിന്ന് പുക ഉയരുന്നതാണ് കണ്ടത്. തുടർന്ന് നടത്തിയ പരിശോധനയിലാണ് പൂട്ടുകൾ തകർത്ത് റൂമുകളിൽ തീ ഇട്ടിരിക്കുന്നതായി കണ്ടത്. കമ്പി പാര ഉപയോഗിച്ച് റൂമുകളുടെ പൂട്ടുകൾ തകർത്ത് ഉള്ളിൽ കയറിയതാണെന്ന് പോലീസ് പറഞ്ഞു. ഫിംഗർ പ്രിന്റ് വിഭാഗം സ്കൂളിൽ എത്തി പരിശോധന നടത്തി. ചാത്തന്നൂർ പോലീസ് കേസ് എടുത്തു.

ശബരിമല നിയുക്ത മേൽശാന്തിക്ക് ആദരവ് നൽകി

കൊല്ലം: സൃഷ്ടി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ കൊല്ലം പൗരാവലിയുടെ നേതൃത്വത്തിൽ ശബരിമല നിയുക്ത മേൽശാന്തി അരുൺകുമാർ നമ്പൂതിരിയെ ആദരിച്ചു. കൊല്ലം പ്രസ് ക്ലബിൽ നടന്ന പരിപാടി കേണൽ എസ്. ഡിന്നി ഉദ്ഘാടനം ചെയ്തു. സൃഷ്ടി ഫൗണ്ടേഷൻ ചെയർമാൻ കായംമഠം അഭിലാഷ് നാരായണൻ അധ്യക്ഷത വഹിച്ചു. ശബരിമല മുൻ മേൽശാന്തി ബാലമുരളി, റിട്ട. ജില്ലാ ജഡ്ജി എം.എസ്. മോഹനചന്ദ്രൻ, കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം പി.എസ്. ഗോപകുമാർ, നാരായണസ്വാമി എന്നിവർ ആശംസ നേർന്നു.

സംസ്ഥാന സ്കൂൾ കായിക മേളയിൽ കരാട്ടെ സീനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ വെള്ളി മെഡൽ നേടിയ **ഇഷാന താര.** ആറ്റിങ്ങൽ ബോയ്സ് ഹൈസ്കൂളിന് സമീപം എസ് വി സദനത്തിൽ മുരളീധരൻ കെ.കെയുടെയും താര എസിന്റെയും മകളാണ്.

ബാലരാമപുരം ഉപജില്ലാ കലോത്സവത്തിൽ പദ്യം ചൊല്ലലിൽ ഒന്നാം സ്ഥാനവും പ്രസംഗത്തിൽ മൂന്നാം സ്ഥാനം എ ഗ്രേഡും കരസ്ഥമാക്കിയ **ആഷിത. എസ്. രാജ്.** വെങ്ങാനൂർ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ പ്ലസ് വൺ വിദ്യാർത്ഥിനി. ദീപിക റിപ്പോർട്ടർ എസ്. രാജേന്ദ്രകുമാറിന്റെയും കോട്ടയം പള്ളം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനിയർ സുചിത്ര ലതയുടെയും മകളാണ്.

ഹോമിയോ മെഡിക്കൽ ക്യാമ്പ് നടത്തി

ഓയൂർ: പട്ടികജാതി പട്ടികവർഗ സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി കൊട്ടാരക്കര ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിന്റെയും വെളിയം പഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറിയുടെയും നേതൃത്വത്തിൽ ഗവ. വെൽഫയർ സ്കൂളിൽ മെഡിക്കൽ ക്യാമ്പ് നടത്തി.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.അഭിലാഷ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ആർ.പ്രശാന്ത് അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ എസ്.ആർ.സച്ചിൻദാസ്, ബ്ലോക്ക് സ്ഥിരം സമിതി അധ്യക്ഷ സജനി ഭദ്രൻ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജയാ രഘുനാഥ്, സ്ഥിരം സമിതി അധ്യക്ഷൻ എം.ബി.പ്രകാശ്, പഞ്ചായത്ത് അംഗങ്ങളായ ശിസ സുരേഷ്, സി.എസ്.സുരേഷ്കുമാർ, ആർ.ബിനോജ്, എ.വിഷ്ണു, മെഡിക്കൽ ഓഫീസർമാരായ ബിനു, എസ്.ലിജ എന്നിവർ പ്രസംഗിച്ചു.

ഇന്നു മുതൽ 30 വരെ ഗതാഗത നിയന്ത്രണം

തിരുവനന്തപുരം: ലോ കോളേജ് –പൊട്ടക്കുഴി റോഡിൽ ഓടയുടെ അറ്റകുറ്റ പണികൾ ചെയ്യുന്നതിനാൽ ഇന്നു മുതൽ 30 വരെ ഭാഗിക ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കുന്നതാണെന്ന് അധികൃതർ അറിയിച്ചു.

● തിരുവല്ലം പുഞ്ചക്കരി വിശ്വ മിത്ര സേവാസമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന മെഡിക്കൽ ക്യാമ്പ് ജനറൽ ഹോസ്പിറ്റൽ ആർ എം ഒ ജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.

ആംബുലൻസ് സർവീസിന്റെ ഉദ്ഘാടനവും മെഡിക്കൽ ക്യാമ്പും നടന്നു

തിരുവല്ലം: പുഞ്ചക്കരി വിശ്വ മിത്ര സേവാസമിതിയുടെ ആഭിമുഖ്യത്തിൽ പുഞ്ചക്കരി ജംഗ്ഷനിൽ നടന്ന മെഡിക്കൽ ക്യാമ്പ് ജനറൽ ഹോസ്പിറ്റൽ ആർഎം: ഒ ജയകുമാർ ഉദ്ഘാടനം നിർവഹിച്ചു.

രാവിലെ 10ന് ആരംഭിച്ച മെഡിക്കൽ ക്യാമ്പ് ഉച്ചകഴിഞ്ഞ് രണ്ടിന് സമാപിച്ചു. മെഡിക്കൽ ക്യാമ്പിൽ നൂറുകണക്കിന് പേർ സേവനം പ്രയോജനപ്പെടുത്തി.

വിശ്വാമിത്ര സേവാസമിതിയുടെ ആംബുലൻസ് സർവീസിന്റെ ഉദ്ഘാടനം ബിജെപി തിരുവനന്തപുരം ജില്ലാ വൈസ് പ്രസിഡൻറ് പാപ്പനംകോട് സജി നിർവഹിച്ചു. പെൻഷൻ വിതരണം കേരള ഓഡിറ്റ് ഡിപ്പാർട്ട്മെൻറ് ജോയിൻറ് ഡയറക്ടർ ഗോപകുമാർ പെൻഷൻ വിതരണം നടത്തി.

വിശ്വ മിത്ര സേവാ സമിതി പ്രസിഡൻറ് തിരുവല്ലം തുളസി റാം, സെക്രട്ടറി സതീഷ് പുഞ്ചക്കരി, ബിജെപി ആറ്റുകാൽ മണ്ഡലം പ്രസിഡൻറ് കോളിയൂർ രാജേഷ്, നേമം മണ്ഡലം പ്രസിഡൻറ് കരുമം രാജേഷ് തുടങ്ങിയവർ പങ്കെടുത്തു.

കരവാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ്; ഐകകണ്ഠ്യേന തെരെഞ്ഞെടുക്കപ്പെട്ട് സജീർ

● സജീർ രാജകുമാരി

കല്ലമ്പലം: ഇടതുമുന്നണി അവിശ്വാസ പ്രമേയത്തിലൂടെ ബി.ജെ.പിയിലെ എസ്. ഷിബുലാലിനെ പ്രസിഡന്റ് സ്ഥാനത്തു നിന്നും പുറത്താക്കിയിരുന്ന കരവാരം ഗ്രാമ പഞ്ചായത്തിൽ ഇന്നലെ നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ജനതാദൾ എസിലെ സജീർ രാജകുമാരിയെ പ്രസിഡന്റായി ഐകകണ്ഠ്യേന തെരെഞ്ഞെടുത്തു.

നിലവിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായിരുന്ന സജീർ രാജകുമാരി 18 അംഗ കരവാരം ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയിലെ ഏക ജനതാദൾ എസ് അംഗമാണ്. ഏഴു അംഗങ്ങളുള്ള ഇടതു മുന്നണിയിൽ സി.പി.എമ്മിൽ നിന്നും ഒരാളെ പ്രസിഡന്റാക്കുന്നതിലുള്ള രൂക്ഷമായ അഭിപ്രായ വ്യത്യാസങ്ങളാണ് ഒരു അംഗം മാത്രമുള്ള ജനതാദളിന് പ്രസിഡന്റ് സ്ഥാനം നൽകി താൽക്കാലികമായി ഇടതു മുന്നണി പിടിച്ചു നിന്നത്. പുറത്തായ പ്രസിഡന്റ് ഷിബു ലാൽ ഉൾപ്പെടെ ഏഴു അംഗങ്ങളുള്ള ബി.ജെ.പിക്കും പ്രസിഡന്റ് സ്ഥാനത്തേക്കു മത്സരിപ്പിക്കുവാൻ ഒറ്റപ്പേരു കണ്ടെത്തുവാൻ അഭിപ്രായ വ്യത്യാസങ്ങൾ മൂലം കഴിഞ്ഞില്ല പ്രസിഡന്റ് തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുവാൻ അംഗങ്ങളോട് ബി.ജെ.പി. ജില്ലാ പ്രസിഡന്റ് വിപ്പ് നൽകി നിർദേശം നൽകുകയുണ്ടായി.

ഇത് കാരണം പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ നിന്നും ബി.ജെ.പി. അംഗങ്ങൾ വിട്ടുനിന്നു. കോൺഗ്രസിന് രണ്ടു അംഗങ്ങൾ മാത്രമാണ് കരവാരം ഗ്രാമ പഞ്ചായത്തിലുള്ളത്. ഒരു സ്ഥാനാർഥിയും നിർദേശിക്കുവാൻ ഒരംഗവും പിന്തുണക്കുവാൻ ഒരംഗവും ഉൾപ്പെടെ മൂന്നു അംഗങ്ങൾ ഉണ്ടെങ്കിൽ മാത്രമേ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ കഴിയൂ. അതിനാൽ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ നിന്നും വിട്ടു നിൽക്കുവാൻ കോൺഗ്രസ് നേതൃത്വം നൽകിയ വിപ്പിനെ തുടർന്ന് പ്രസിഡന്റ് തെരഞ്ഞെടുപ്പ് യോഗത്തിൽ നിന്നും രണ്ടു കോൺഗ്രസ് അംഗങ്ങളും വിട്ടു നിന്നു.

എന്നാൽ ബി.ജെ.പി. പ്രസിഡന്റിനെ അവിശ്വാസ പ്രമേയത്തിലൂടെ പുറത്താക്കുവാൻ ഇടതു മുന്നണിയെ പിന്തുണച്ച എസ്.ഡി.പി.ഐ. യിലെ രണ്ടു അംഗങ്ങൾ പ്രസിഡന്റ് തെരെഞ്ഞെടുപ്പിലും എൽ.ഡി.എഫിന് സഹായകരമായ നിലപാട് സ്വീകരിച്ചു അവരുടെ കൂറ് വ്യക്തമാക്കി. 18 അംഗ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയിൽ പ്രസിഡന്റ് തെരഞ്ഞെടുപ്പ് യോഗം കോൺഗ്രസും ബി.ജെ.പിയും ബഹിഷ്കരിച്ചാൽ പിന്നീട് ഒമ്പതു അംഗങ്ങളാണ് അവശേഷിക്കുന്നത്.

ഈ ഒമ്പതിൽ എസ്.ഡി.പി.ഐ. യുടെ രണ്ടു അംഗങ്ങൾ കൂടി ബഹിഷ്കരിച്ചാൽ പിന്നീട് അവശേഷിക്കുന്ന ഏഴു ഇടത് അംഗങ്ങൾ കൊണ്ട് ക്വാറം 50 ശതമാനത്തിൽ താഴെയാകും. ക്വാറം തികയാതെ വന്നാൽ ഉണ്ടാകാവുന്ന പ്രശ്നം വിലയിരുത്തി എസ്. ഡി. പി. ഐ. ഇടത് മുന്നണിയുമായി അവിശുദ്ധ കൂട്ടുകെട്ട് ഉണ്ടാക്കി പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ പങ്കെടുക്കുകയും പ്രസിഡന്റ് തെരഞ്ഞെടുപ്പ് ഏകകണ്ഠമാക്കുന്നതിൽ സഹകരിക്കുകയും ക്വാറം തികയ്ക്കുകയും ചെയ്തു.

സജീർ രാജകുമാരിയെ പ്രസിഡന്റാക്കിയതിനു പിന്നിൽ സാമ്പത്തിക അഴിമതിയുള്ളതായും ആരോപണം ഉയർന്നിട്ടുണ്ട്.

കെ.എസ്.എസ്.പി.എ. പഴയകുന്നുമ്മേൽ മണ്ഡലം സമ്മേളനം

കിളിമാനൂർ: കേരളാ സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ പഴയകുന്നുമ്മേൽ മണ്ഡലം സമ്മേളനം ഞായറാഴ്ച കിളിമാനൂർ ടൗൺ ഹാളിൽ മണ്ഡലം പ്രസിഡന്റ് ഇ സലീമുദ്ദീന്റ അധ്യക്ഷതയിൽ നടന്നു സെക്രട്ടറി ആർഎസ് അനിൽ സ്വാഗതം പറഞ്ഞു.

സംസ്ഥാന. കമ്മിറ്റി അംഗം കെ അജന്തൻനായർ സമ്മേളനം ഉത്ഘാടനം ചെയ്തു. ഡ സിസി ജനറൽ സെക്രട്ടറി എ. ഷിഹാബുദ്ദീൻ മുഖ്യപ്രഭാഷണവും കെഎസ്എസ് നിയോജകമണ്ഡലം പ്രസിഡന്റ് ജയപാൽ പുതിയ അംഗങ്ങളെ ഷാൾ അണിയിച്ച് വരവേൽപ്പ് നൽകി.

വനിതാഫോറം ജില്ലാ സെക്രട്ടറി ഉഷാകുമാരി മുതിർന്ന അംഗങ്ങളെ ഷാൾ അണിയിച്ച് മൊമന്റോ നൽകി ആദരിച്ചു.

വെളിനല്ലൂർ മണികണ്ഠന്റെ പിറന്നാൾ ആഘോഷിച്ചു

ഓയൂർ: വെളിനല്ലൂർ ശ്രീരാമസ്വാമി ക്ഷേത്രത്തിലെ മണികണ്ഠൻ ആനയുടെ 50–ാം പിറന്നാൾ ആഘോഷിച്ചു. അണിയിച്ചൊരുക്കിയ മണികണ്ഠനെ ശ്രീരാമസ്വാമി ക്ഷേത്രത്തിന് സമീപത്തെ ഹനുമാൻ ക്ഷേത്രത്തിൽ നിന്ന് ചെണ്ടമേളത്തിന്റെ അകമ്പടിയോടെ ക്ഷേത്രം സന്നിധിയിലെ ആനക്കൊട്ടിലേക്ക് ആനയിച്ചു.

തുടർന്നു മണികണ്ഠന് പിറന്നാൾ സമ്മാനമായി ശ്രീരാമസ്വാമിയുടെ ചിത്രം പതിച്ച നെക്ലേസും വെളിനല്ലൂർ മണികണ്ഠൻ എന്നെഴുതിയ പതക്കവും നൽകി ആദരിച്ചു. തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗം ജി.സുന്ദരേശ്വൻ ദീപം തെളിയിച്ചും കേക്കും മുറിച്ചും പിറന്നാൾ ആഘോഷം ഉദ്ഘാടനം ചെയ്തു. മണികണ്ഠനെ പ്രധാന കഥാപാത്രമാക്കി തിരുവാതിര പാട്ടു ചിട്ടപ്പെടുത്തുകയും മാതൃസമിതി അംഗങ്ങൾ മണികണ്ഠന്റെ മുമ്പിൽ തിരുവാതിര അവതരിപ്പിക്കുകയും ചെയ്തു. തുടർന്നു കൈക്കൊട്ടിക്കളിയും നടത്തി. തുടർന്നു നടന്ന പൊതുസമ്മേളനം ദേവസ്വം ബോർഡ് അംഗം ജി. സുന്ദരേശൻ ഉദ്ഘാടനം ചെയ്തു. ക്ഷേത്രം ഉപദേശക സമിതി വൈസ് പ്രസിഡന്റ് ടി.എസ്. രാഹുൽ അധ്യക്ഷത വഹിച്ചു.

പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം മുൻ കമ്മിഷണർ സുനിൽ കുമാർ, വെളിനല്ലൂർ സബ് ഗ്രൂപ്പ് ഓഫീസർ വൈശാഖ് കൃഷ്ണ, അസി. എൻജിനീയർ ആതിരാ കൃഷ്ണൻ, ക്ഷേത്രം ഉപദേശക സമിതി സെക്രട്ടറി വി.ഹരികുമാർ, സബ് ഗ്രൂപ്പ് ഓഫീസർ എം. ആർ.വിഷ്ണു, ക്ഷേത്ര ഉപദേശക സമിതി രക്ഷാധികാരി കെ. ശശിധരൻ നായർ, ജോ. സെക്രട്ടറി സുന്ദരേശൻ, ടി.ആർ. രജീഷ് എന്നിവർ പ്രസംഗിച്ചു. തുടർന്നു പായസ വിതരണവും നടത്തി. 38 വർഷം മുൻപ് വെളിനല്ലൂർ പിള്ള വീട്ടിൽ പരേതനായ ഗോപിനാഥൻനായർ നടയ്ക്കിരുത്തിയതാണ് മണികണ്ഠനെ. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ശബരിമല, വൈക്കം, കൊട്ടാരക്കര, ചെങ്ങന്നൂർ തുടങ്ങിയ ക്ഷേത്രങ്ങളിലും ചില സ്വകാര്യ ക്ഷേത്രങ്ങളിലും തിടമ്പേറ്റുന്നത് മണികണ്ഠനാണ്. അഞ്ച് വർഷമായി ശബരിമല ഉത്സവത്തിന് കെട്ടു നിറച്ചാണ് മണികണ്ഠനെ കൊണ്ടു പോകുന്നത്.

● വെളിനല്ലൂർ മണികണ്ഠൻ ആനയുടെ 50–ാം പിറന്നാൾ ആഘോഷത്തിന്റെ ഭാഗമായി മാതൃസമിതി അംഗങ്ങൾ തിരുവാതിര അവതരിപ്പിക്കുന്നു.

സന്ധി മാറ്റിവയ്ക്കൽ നിങ്ങളെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നു
BR LIFE SUT PATTOM Super Specialty Hospital
ഞങ്ങളുടെ മികവുറ്റ വിദഗ്ധർ നിങ്ങൾക്ക് കാര്യങ്ങൾ എളുപ്പമാക്കുന്നു
ഡിപ്പാർട്മെന്റ് ഓഫ് ഓർത്തോപീഡിക്സ്
വിളിയ്ക്കൂ 0471 4077 777

Your health emergency call will be met with SPEEDY HELP from a doctor at your doorstep.
SK HOSPITAL Touching Human Lives
9645611118 HEAL ON WHEEL
Edappazhanji, Thiruvananthapuram
Ph: 0471- 2944444, 3022222
E: skhospitals@gmail.com
www.skhospitals.com

● കിളിമാനൂർ ഉപജില്ലാ കലോത്സവത്തിൽ 209 പോയിന്റ് നേടി എംഎം യുപിഎസ് ഓവറോൾ കിരീടം കരസ്ഥമാക്കി.

TATA

ടാറ്റാ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

Registered Address: 11th Floor, Tower A, Peninsula Business Park, Ganpatrao Kadam Marg, Lower Parel, Mumbai – 400013. Branch Address: TATA CAPITAL HOUSING FINANCE LIMITED, Ground Floor, Jain Tower - II, NH- 17, Near Lulu Mall, Edapally, Cochin 682024, Kerala.

സ്ഥാവരവസ്തുക്കളുടെ വില്പനനോട്ടീസ്

(സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 2002 റൂൾ 9(1) അനുസരിച്ച്)

സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആൻഡ് എൻഫോഴ്സ്മെൻറ് ഓഫ് സെക്യൂരിറ്റി ഇൻററസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 2002, റൂൾ 9(1) വ്യവസ്ഥപ്രകാരം.സ്ഥാവര ആസ്തികളുടെ ഇ ലേലത്തിനുള്ള വില്പന നോട്ടീസ്

ഈ നോട്ടീസ് പ്രകാരം വായ്പക്കാരെ/സഹവായ്പക്കാരെ അല്ലെങ്കിൽ അവരുടെ നിയമപരമായ അവകാശികളെയോ അവരുടെ പ്രതിനിധികളെയോ പ്രത്യേകിച്ചും പൊതുജങ്ങളെ പൊതുവിലും അറിയിക്കുന്നതെന്തെന്നാൽ, ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിലേക്ക് പണയപ്പെടുത്തിയിരിക്കുന്നതും ടി.സി.എച്ച്.എഫ്.എൽന്റെ അംഗീകൃത ഓഫീസർ ഏറ്റെടുത്തിട്ടുള്ളതുമായ താഴെ വിവരിച്ചിരിക്കു സ്ഥാവര സ്വത്തുക്കൾ താഴെപ്പറയുന്ന വായ്പക്കാർ/ സഹവായ്പക്കാരിൽ നിന്നും കുടിശ്ശികയുള്ള കുടിശ്ശികകൾ വീണ്ടെടുക്കുന്നതിനായി എവിടെയാണോ ഉള്ളത്, എങ്ങനെയാണോ ഉള്ളതുപോലെ ആയിരിക്കുന്ന അവസ്ഥയിൽ എന്ന വ്യവസ്ഥപ്രകാരം 28-11-2024 ന് വിൽക്കുന്നതാണ് എന്ന് അറിയിച്ചുകൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യവും ചുവടെ സൂചിപ്പിച്ചിരിക്കുന്നു. വിൽപന നിർത്തലാക്കുന്നതും മാറ്റിവയ്ക്കാതിരിക്കുന്നതുമായ സാഹചര്യത്തിൽ പ്രസ്തുത സുരക്ഷിത ആസ്തി/വസ്തു ഇലേലത്തിലൂടെ മേൽപറഞ്ഞ 28-11-2024 ന് ഉച്ചയ്ക്ക് 2 മണിക്ക് വിൽക്കുമെന്ന് ഇതിനാൽ അറിയിപ്പ് നൽകുന്നു. ഇലേലത്തിൽ പങ്കെടുക്കുതിനുള്ള നിരതദ്രവ്യത്തിന്റെ ഡിമാൻഡ് ഡ്രാഫ്റ്റ് അടങ്ങുന്ന സീൽ ചെയ്ത കവർ ടി.സി.എച്ച്.എഫ്.എൽന്റെ അംഗീകൃത ഓഫീസർക്ക് 27-11-2024 നോ അതിനുമുമ്പോ വൈകുരേം 5 മണി ക്കുമുമ്പായി ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ളോർ, ജെയിൻ ടവർ-2, എൻ.എച്ച് 17, ലുലു മാളിന് സമീപം, ഇടപ്പള്ളി, കൊച്ചി 682024, കേരള.. എന്ന ബ്രാഞ്ച് വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

ഏറ്റെടുത്തിരിക്കുന്ന സ്ഥാവരവസ്തുക്കൾ എവിടെയാണോ അവിടെ എന്ന വ്യവസ്ഥയനുസരിച്ച് വിൽപന നടത്തുന്ന സ്വത്തിന്റെ വിവരങ്ങൾ താഴെ വിവരിച്ചിരിക്കുന്നു.

<table>
<tr><th>സി നം</th><th>ലോൺ അക്കൗണ്ട് നം. & ബ്രാഞ്ച്</th><th>കടം വാങ്ങിയ ആളുടെ പേര്, കോ- ബോറോവർ, നിയമപരമായ അവകാശി/നിയമ പ്രതിനിധി/ ഗ്യാരണ്ടർ(കൾ)</th><th>ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള തുക</th><th>റിസർവ് തുക</th><th>ഏണസ്റ്റ് മണി</th><th>പൊസഷന്റെ സ്വഭാവം</th></tr>
<tr><td>1.</td><td>TCHHL04720 00100069393 & TCHIN047200 0100069588</td><td>ശ്രീമതി അശ്വതി ബി., ശ്രീ സുരേഷ് കുമാർ കെ.</td><td>Rs. 18,97,747/- കരാർ നമ്പർ TCHHL0472000100069393 പ്രകാരവും & Rs. 71,262/- കരാർ നമ്പർ TCHIN0472000100069588 പ്രകാരവും മൊത്തം ആകെ രൂപ. Rs.19,69,009/- കുടിശിക നിങ്ങൾ അടയ്ക്കേണ്ടതാണ്. & 14-07-2022</td><td>Rs. 11,50,000/- (Rupees Eleven Lakh Fifty Thousand Only)</td><td>Rs. 1,15,000/- (Rupees One Lakh Fifteen Thousand Only)</td><td>ഭൗതികം</td></tr>
<tr><td colspan="7">സ്ഥാവര സ്വത്തിന്റെ വിവരണം: എല്ലാ സ്ഥാവരജംഗമ വസ്തുക്കളും ഉൾപ്പെടെക്രമനമ്പർ: 1, ജില്ല: തിരുവനതപുരം, ഉപ ജില്ല: മലയിൻകീഴ്, താലൂക്ക്: കാട്ടാക്കട; ഗ്രാമം: വിളപ്പിൽ, പരിധി: വിളപ്പിൽ പഞ്ചായത്ത്, ദേശം/കര/മുറി: പുന്നത്തത്തുമുറി /പെരുമ്പിക്കോണം, പഞ്ചായത്ത്: വിളപ്പിൽ; Re.Sy No.Block: 1; Re.Sy No: 252; Re.Sy.Sub Division: 13, Old Sy. No. 363, Old Sy. Sub Division: 1-22-B, Extent (Ares): 4 Ares.14 Sqm,. അവകാശത്തിന്റെ സ്വഭാവം: ജന്മം, ഭൂമിയുടെ സ്വഭാവം: പുരയിടം, വിൽപ്പനക്കാർ തണ്ടപ്പേർ: 23639.വസ്തുവിന്റെ വിവരണം : വിളപ്പിൽ വില്ലേജ് കാട്ടാക്കട താലൂക്ക് Old Sy No.363/1-22-B and Re.Sy.No 252/13 in Block No.1ൽ 4.14 Ares വിസ്തീർണ്ണമുള്ള ഭൂമിയും മുഴുവൻ ഭാഗവുംകൂടാതെ 19-11-2020-ലെ സെയിൽ ഡീഡ് നമ്പർ.3154/2020ൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ അവകാശങ്ങളും ശ്രീ.സുരേഷ് കുമാർ കെ, ശ്രീമതിഅശ്വതി ബി എന്നിവരുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.സബ് രജിസ്ട്രേഷൻ ജില്ല മലയിൻകീഴ് രജിസ്ട്രേഷൻ ജില്ല തിരുവനതപുരം. അതിരുകൾ: കിഴക്ക്- ഉദയകുമാറിന്റെ സ്വത്തുക്കൾ; വടക്ക്- പാത; പടിഞ്ഞാറ്- പഞ്ചായത്ത് റോഡ്; തെക്ക്- വിജയകുമാറിന്റെ സ്വത്ത്.</td></tr>
<tr><td>2.</td><td>TCHHF04700 00100096348 & TCHHF04700 00100065725</td><td>ശ്രീഷംനാദ് അബ്ദുൾ ഹമീദ്. ശ്രീമതി.അശ്മർ ഗലീസ, റൈഹാന എൻ. യു., ശ്രീമതി.സാജിദാ ബീവി എസ്, M/s. എ.എസ്. ട്രേഡിംഗ് കമ്പനി</td><td>ലോൺ അക്കൗണ്ട് നമ്പർ TCHHF0470000100065725 പ്രകാരം രൂപ. 962202/- ഉം ലോൺ അക്കൗണ്ട് നമ്പർ TCHHF0470000100096348 പ്രകാരം രൂപ. 8511221/- ഉം രണ്ടുംകൂടി ചേർത്ത് ആകെ തുക രൂപ. 9473423/- കുടിശികയാണ്. & 14-03- 2023</td><td>Rs. 58,75,000/- (അമ്പത്തി എട്ട് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം)</td><td>Rs. 5,87,500/- (രൂപ അഞ്ച് ലക്ഷത്തി എൺപത്തി ഏഴായിരത്തി അഞ്ഞൂറ് മാത്രം)</td><td>ഭൗതികം</td></tr>
<tr><td colspan="7">സ്ഥാവര സ്വത്തിന്റെ വിവരണം: ക്രമനമ്പർ 1 വസ്തുവും മുഴുവൻ ഭാഗവും: ജില്ല: തിരുവനന്തപുരം, സബ് ജില്ല: പോത്തൻകോട്, താലൂക്ക്: തിരുവനന്തപുരം, വില്ലേജ്: മേൽത്തോന്നക്കൽ, പഞ്ചായത്ത്: പോത്തൻകോട്, മുറി: കല്ലോർ, റീസർവ്വേ ബ്ലോക്ക് നമ്പർ : 5, റീസർവ്വേനമ്പർ : 112/11, സർവേ നമ്പർ: 2381/1, വിസ്തീർണ്ണം (ആർ/സ്ക്വയർമീറ്റർ): 8.85 ആർ, അവകാശത്തിന്റെ സ്വഭാവം തരം: പണ്ടാരപാട്ടം-പുരയിടം, വിൽപ്പനക്കാരൻ തണ്ടപ്പേർ നമ്പർ: 1397. വസ്തുവിന്റെ വിവരണം: തിരുവനന്തപുരം താലൂക്കിൽ മേൽതോന്നക്കൽ വില്ലേജിൽ റീസർവ്വേനമ്പർ : 112/11, സർവേ നമ്പർ: 2381/1 ൽ 8.85 വിസ്തീർണ്ണമുള്ള ഭൂമിയും മുഴുവൻ ഭാഗങ്ങളും വഴിയുടെ അവകാശവും , ഒപ്പം പോത്തൻകോട് പഞ്ചായത്തിൽ കെട്ടിട നമ്പർ 15/381 കെട്ടിടവും സഹിതം, തിരുവനന്തപുരം രജിസ്ട്രേഷൻ ജില്ലയിൽ പോത്തൻകോട് സബ് രജിസ്ട്രേഷൻ ജില്ലയിൽ ഗിഫ്റ്റ് ഡീഡ് നമ്പർ.1044/1979 തീയതി 07-05-1979 & റിലീസ് ഡീഡ് നമ്പർ 5056/2010 തീയതി 15-12-2010 പ്രകാരം ശ്രീമതി സാജിദാ ബീവിയുടെ പേരിൽ രജിസ്റ്റർ ചെയ്തതും പരാമർശിച്ചിരിക്കുന്ന എല്ലാ അവകാശങ്ങളും സഹിതം. അതിരുകൾ: കിഴക്ക്: റോഡ്, വടക്ക്: നസീഹയുടെ സ്വത്ത്, പടിഞ്ഞാറ്: സിദ്ധിഖിന്റെ സ്വത്ത്, തെക്ക്: നസീഹയുടെ സ്വത്ത്.</td></tr>
<tr><td>3.</td><td>TCHHL04720 00100138181 & TCHIN047200 0100140342</td><td>ശ്രീമതി ഷീജ എൻ പി, ശ്രീ.അയ്യപ്പൻ കെ.എസ്.</td><td>ലോൺ അക്കൗണ്ട് നമ്പർ TCHHL0472000100138181 പ്രകാരം രൂപ. 1129870/- ഉം ലോൺ അക്കൗണ്ട് നമ്പർ TCHIN0472000100140342 പ്രകാരം രൂപ. 92096/- ഉം രണ്ടുംകൂടി ചേർത്ത് ആകെ തുക 1221966/- & 05-07-2023</td><td>Rs. 11,40,000/- (രൂപ പതിനൊന്ന് ലക്ഷത്തി നാൽപ്പതിനായിരം മാത്രം)</td><td>Rs. 1,14,000/- (രൂപ ഒരു ലക്ഷത്തി പതിനാലായിരം മാത്രം)</td><td>ഭൗതികം</td></tr>
<tr><td colspan="7">സ്ഥാവര സ്വത്തിന്റെ വിവരണം: ക്രമനമ്പർ 1 വസ്തുവും മുഴുവൻ ഭാഗവും: ജില്ല: തിരുവനന്തപുരം, സബ് ജില്ല: വെള്ളറട, താലൂക്ക്: നെയ്യാറ്റിൻകര, വില്ലേജ്: വെള്ളറട, കര/ദേശം: കോവില്ലൂർ, പഞ്ചായത്ത്: വെള്ളറട, റീസർവ്വേ ബ്ലോക്ക് നമ്പർ: 34, റീസർവ്വേ നം: 469/19, സർവേ നമ്പർ: 767/1-5-5, വിസ്തൃതി (ആർ/സ്ക്വയർ മീറ്റർ): 6 ആർ 7 സ്ക്വയർ മീറ്റർ , അവകാശത്തിന്റെ സ്വഭാവം തരം: പണ്ടാരവക ഡ്രൈ ലാൻഡ്, വിൽപനക്കാരൻ പട്ടയം നമ്പർ: 1383. വസ്തുവിവരം: നെയ്യാറ്റിൻകര താലൂക്കിലെ വെള്ളറട വില്ലേജിലെ സർവ്വേ നം: 767/1-5-5, റീസർവ്വേ നം:469/19 ൽ 6 ആർ 7 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വസ്തുവും മുഴുവൻ ഭാഗവും, ഒപ്പം വെള്ളറടപഞ്ചായത്തിലെ റസിഡൻഷ്യൽ കെട്ടിടവും വഴിയുടെ അവകാശവും സഹിതം. തിരുവനന്തപുരം രജിസ്ട്രേഷൻ ജില്ല വെള്ളറട സബ്രജിസ്ട്രേഷൻ ജില്ലയിൽ 25.07.2022 തീയതിയിലായി 834/1/2022 സെയിൽ ഡീഡിൽ പറഞ്ഞിരിക്കുന്ന എല്ലാ അവകാശങ്ങളും ശ്രീ.അയ്യപ്പൻ കെ.എസ്., ശ്രീമതി.ഷീജ എൻ.പി എന്നിവരുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിരുകൾ: കിഴക്ക്: താനത്തു വക വസ്തു, വടക്ക്: അനീഷിന്റെയും മറ്റുള്ളവരുടെയും സ്വത്ത്, പടിഞ്ഞാർ: മൂന്ന് മീറ്റർ റോഡ് തെക്ക്: ചന്ദ്രികയുടെ സ്വത്ത്.</td></tr>
<tr><td>4.</td><td>TCHHL04720 00100155151 & TCHIN047200 0100155542</td><td>എം ആർ പ്രജിത്ത് പി മിസിസ്. രശ്മി പി എസ്</td><td>ലോൺ അക്കൗണ്ട് നമ്പർ TCHHL0472000100155151 പ്രകാരം Rs. 7,31,379 /- ഉം ലോൺ അക്കൗണ്ട് നമ്പർ TCHIN0472000100155542 പ്രകാരം Rs. 69,491/- ഉം രണ്ടുംകൂടി ചേർത്ത് ആകെ തുക Rs. 8,00,870/- (രൂപ എട്ട് ലക്ഷത്തി എണ്ണൂറ്റി എഴുപത് മാത്രം) & 14-03-2024</td><td>Rs. 12,11,000/- (രൂപ പന്ത്രണ്ട് ലക്ഷത്തി പതിനൊന്നായിരം മാത്രം)</td><td>Rs. 1,21,100/- (രൂപ ഒരു ലക്ഷത്തി ഇരുപത്തൊന്നായിരത്തി ഒരുനൂറ് മാത്രം)</td><td>ഭൗതികം</td></tr>
<tr><td colspan="7">സ്ഥാവര സ്വത്തിന്റെ വിവരണം: പ്രോപ്പർട്ടി ഷെഡ്യൂൾ, ക്രമനമ്പർ: 1; ജില്ല: തിരുവനന്തപുരം; ഉപജില്ല: മലയിൻകീഴ്; താലൂക്ക്: കാട്ടാക്കട; ഗ്രാമം: മലയിൻകീഴ്; ദേശം/മുറി: മലയിൻകീഴ്; പഞ്ചായത്ത്: മലയിൻകീഴ് Re.sy.Block No.: 7; Re.survey No.: 120/22-2-1-3; Old survey No: 46/1B; extent (are / sqm): 2.02 Ares; സ്വത്തിന്റെ സ്വഭാവം/തരം: ജന്മം/പുരയിടം; വിൽപ്പനക്കാരൻ പട്ടയ നമ്പർ: 30916; വസ്തുവിവരം: മലയിൻകീഴ് പഞ്ചായത്ത് മലയിൻകീഴ് വില്ലേജ് കാട്ടാക്കട താലൂക്ക് Sy.No. 46/1B in Re.Sy.No.120/22-2-1-3 ൽ 2.02 Aresവിസ്തീർണ്ണമുള്ള വസ്തുവും മുഴുവൻ ഭാഗവും, ഒപ്പം വെള്ളറടപഞ്ചായത്തിലെ റസിഡൻഷ്യൽ കെട്ടിടവും വഴിയുടെ അവകാശവും സഹിതം. 3-10-2022 ലെ സെയിൽ ഡീഡ് നമ്പർ.3662/2022ൽ പറഞ്ഞിരിക്കുന്ന എല്ലാ അവകാശങ്ങളും ശ്രീ.പ്രജിത്ത് പി.യുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.സബ് രജിസ്ട്രേഷൻ ജില്ല മലയിൻകീഴ് രജിസ്ട്രേഷൻ ജില്ല തിരുവനന്തപുരം. അതിരുകൾ: കിഴക്ക്: സ്വകാര്യ റോഡ് വടക്ക്: അരുൺ കുമാറിന്റെ വസ്തു പടിഞ്ഞാറ്: ജയലക്ഷ്മിയുടെ സ്വത്ത് തെക്ക്: ഷിജുവിന്റെ വസ്തു.</td></tr>
</table>

ലേലത്തിൽ, പൊതുജനങ്ങളെ പൊതുവെ അവരുടെ ബിഡ്(കൾ) വ്യക്തിപരമായി സമർപ്പിക്കാൻ ക്ഷണിക്കുന്നു. വായ്പക്കാർ/സഹവായ്പക്കാർ എന്നിവർക്ക് ഇതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ മൊത്തം കുടിശ്ശിക തുടർ പലിശ സഹിതം അടയ്ക്കാനുള്ള അവസാന അവസരം നൽകിയിരിക്കുന്നു. ഇല്ലെങ്കിൽ സ്ഥാവരവസ്തുക്കൾ ഷെഡ്യൂൾ അനുസരിച്ച് വിൽക്കുന്നതായിരിക്കും. മേൽപ്പറഞ്ഞ പ്രകാരമുള്ള തുക, പലിശയും ചെലവും (വിൽപ്പനച്ചെലവ് ഉൾപ്പെടെ) ലേല തീയതിക്ക് മുമ്പ് അടച്ച് അംഗീകൃത ഓഫീസർക്ക് ടെൻഡർ ചെയ്യുകയോ അത്തരത്തിലുള്ള സുരക്ഷിതമായ വായ്പയും പലിശയും ചെലവും അടക്കമുള്ള അടച്ച തുക അദ്ദേഹത്തിന് തൃപ്തികരമാണെന്ന് തെളിയിക്കുകയോ ചെയ്യുന്ന പക്ഷം ഇ ലേലം നിർത്തുന്നതായിരിക്കും. ഈ വിൽപനയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചുമതലയുള്ള ഒരു ഉദ്യോഗസ്ഥനോ മറ്റ് വ്യക്തിയോ, നേരിട്ടോ അല്ലാതെയോ ലേലം വിളിക്കരുതെന്നും അല്ലെങ്കിൽ വിറ്റ സ്ഥാവര സ്വത്തിൽ എന്തെങ്കിലും താത്പര്യം നേടാൻ ശ്രമിക്കുകയോ ചെയ്യരുതാത്തതുമാകുന്നു. .

2002 ലെ സെക്യൂരിറ്റി (എൻഫോഴ്സ്മെന്റ്) ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾക്കും ഇനിപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായാണ് വിൽപ്പന.

ഇലേലം http://bankauctions.in/ എന്ന പോർട്ടലിലൂടെ 28-11-2024 ന് ഉച്ചയ്ക്ക് 2.00 മുതൽ 3.00 വരെ നടക്കും.5 മിനിറ്റ് വീതം പരിമിത വിപുലീകരണം.

നിബന്ധനകളും വ്യവസ്ഥകളും: 1. ചുവടെയുള്ള ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള വിശദാംശങ്ങൾ താഴെ ഒപ്പിട്ടിരിക്കുന്നവരുടെ ഏറ്റവും മികച്ച വിവരങ്ങൾക്കായി പ്രസ്താവിച്ചിട്ടുണ്ട്, എന്നാൽ ഈ പ്രഖ്യാപനത്തിലെ ഏതെങ്കിലും പിശക്, തെറ്റിദ്ധാരണ അല്ലെങ്കിൽ ഒഴിവാക്കൽ എന്നിവയ്ക്ക് താഴെ ഒപ്പിട്ടവർ ഉത്തരവാദികളായിരിക്കില്ല. ബിഡ് തുകയുടെ കാര്യത്തിലോ ലേലം വിളിച്ചയാളെ സംബന്ധിച്ചോ എന്തെങ്കിലും തർക്കം ഉണ്ടായാൽ, അംഗീകൃത ഉദ്യോഗസ്ഥന്റെ വിവേചനാധികാരത്തിന് വിധേയമായി സ്ഥാവര സ്വത്ത് ഒരിക്കൽ കൂടി ലേലത്തിൽ വയ്ക്കുന്നതാണ്. 2. സ്ഥാവര വസ്തുക്കൾ കരുതൽ വിലയ്ക്ക് താഴെ വിൽക്കാൻ പാടില്ല. 3. ബിഡ് ഇൻക്രിമെന്റ് തുക രൂപ: 10,000/ (പതിനായിരം രൂപ മാത്രം) ആയിരിക്കും: 4.വസ്തു വാങ്ങുന്നതിനായി സമർപ്പിച്ച എല്ലാ ബിഡുകൾക്കുമൊപ്പം ടാറ്റ കാപ്പിറ്റൽ ഹൗസിങ് ഫിനാലൻസ് ലിമിറ്റഡിന്റെ പേരിൽ ബ്രാഞ്ച് അഡ്രസിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ഉണ്ടായിരിക്കണം. വിജയിയാകാത്ത ലേലക്കാർക്ക് ഡിമാൻഡ് ഡ്രാഫ്റ്റ് തിരികെ നൽകുന്നതായിരിക്കും. നിരതദ്രവ്യം NEFT/RTGS/IMPS, എന്നിവയായി നൽകുന്നതിന് ദയവായി അംഗീകൃത ഓഫീസറെ ബന്ധപ്പെടുക. 5. ഏറ്റവും ഉയർന്ന ലേലക്കാരനെ വിജയിയായ ലേലക്കാരനായി പ്രഖ്യാപിക്കും, അവൻ/അവൾ എപ്പോഴും ലേലം ചെയ്യാൻ നിയമപരമായി യോഗ്യനായിരിക്കുകയും കൂടാതെ ബിഡ് തുക കരുതൽ വിലയേക്കാൾ കുറവല്ലാതിരിക്കുകയും ചെയ്യണം. ഓഫർ ചെയ്ത വില വ്യക്തമായി വളരെ അപര്യാപ്തമാണെന്ന് തോന്നുമ്പോൾ, ഏറ്റവും ഉയർന്ന ബിഡ് സ്വീകരിക്കുന്നത് നിരസിക്കാൻ അംഗീകൃത ഓഫീസറുടെ വിവേചനാധികാരത്തിൽ പെടുന്നതായിരിക്കും. 6. രേഖപ്പെടുത്തിയിരിക്കുന്ന കാരണങ്ങളാൽ, വിൽപ്പന നീട്ടിവെക്കുക/നിർത്തുക എന്നത് അംഗീകൃത ഉദ്യോഗസ്ഥന്റെ വിവേചനാധികാരത്തിലായിരിക്കും. ., 7. സ്ഥാവര വസ്തുക്കളുടെ പരിശോധന 21-11-2024 ന് 11 എ.എം. മുതൽ 5.00 പി.എം. വരെ മുൻകൂർ അനുമതിയോടെ നടത്താം. 8. വിജയിയായ ലേലക്കാരനായി പ്രഖ്യാപിക്കപ്പെട്ട വ്യക്തി, അത്തരം പ്രഖ്യാപനത്തിന് ശേഷം, വാങ്ങൽ പണത്തിന്റെ / ലേല തുകയുടെ ഇരുപത്തഞ്ച് ശതമാനം ഇഎംഡി തുക ഉൾപ്പെടുന്നത് അംഗീകൃത ഓഫീസർക്ക് 24 മണിക്കൂറിനുള്ളിൽ നിക്ഷേപിക്കേണ്ടതാണെന്നും വീഴ്ച വരുത്തിയാൽ സ്വത്ത് ഉടനടി സ്വകാര്യ ഉടമ്പടി പ്രകാരം പുതിയ ലേലത്തിന്/വിൽപ്പനയ്ക്ക് വെക്കും. 9. മുകളിൽ പറഞ്ഞ പ്രകാരം പ്രാരംഭ നിക്ഷേപം നടത്തിയാൽ, വാങ്ങുന്ന പണത്തിന്റെ ബാക്കി തുക വാങ്ങുന്നയാൾ അംഗീകൃത ഓഫീസർക്ക് പ്രോപ്പർട്ടി വിൽപന സ്ഥിരീകരിച്ച തീയതി മുതൽ 15ാം ദിവസത്തിലോ അതിന് മുമ്പോ നൽകണം. അത്തരം ദിവസം, അല്ലെങ്കിൽ 15-ാം ദിവസം ഞായറാഴ്ചയോ മറ്റ് അവധി ദിവസമോ ആണെങ്കിൽ, 15-ാം ദിവസത്തിന് ശേഷമുള്ള ആദ്യത്തെ ഓഫീസ് ദിവസം നൽകേണ്ടതാണ്. 10. മുകളിൽ സൂചിപ്പിച്ച കാലയളവിനുള്ളിൽ ഏതെങ്കിലും പണമടവിൽ വീഴ്ച വരുത്തിയാൽ, സ്വത്ത് സ്വകാര്യ ഉടമ്പടി പ്രകാരം പുതിയ ലേലത്തിന്/വിൽപ്പനയ്ക്ക് വെക്കും. ഇഎംഡി ഉൾപ്പെടെയുള്ള നിക്ഷേപം ടാറ്റ ക്യാപ്പിറ്റൽ ഹൗസിംഗ് ലിമിറ്റഡ് കണ്ടുകെട്ടും, വീഴ്ച വരുത്തുന്ന വാങ്ങുന്നയാൾക്ക് വസ്തുവിന്റെ എല്ലാ അവകാശങ്ങളും നഷ്ടപ്പെടും. 11. സ്വത്ത് സംബന്ധിച്ച് ടാറ്റ കാപ്പിറ്റൽ ഹൗസിങ് ഫിനാലൻസ് ലിമിറ്റഡിന് അറിയാവുന്ന ഏതെങ്കിലും ബാധ്യതകളുടെ വിശദാംശങ്ങൾ മുകളിലുള്ള പട്ടിക പ്രകാരമായിരിക്കും. ക്ലെയിമുകൾ, സ്വത്തിനും അതിന്റെ സ്വഭാവത്തെയും മൂല്യത്തെയും ബാധിക്കുന്ന മറ്റേതെങ്കിലും അറിയപ്പെടുന്ന വിശദാംശങ്ങളിലേക്കും മുന്നോട്ട് വച്ചിട്ടുണ്ടെങ്കിൽ: മുകളിലുള്ള പട്ടിക പ്രകാരം. പ്രോപ്പർട്ടി ടാക്സ്, ഇലക്ട്രിസിറ്റി മുതലായവയുടെ നിയമപരമായ ബാധ്യതകൾ ഉൾപ്പെടെയുള്ള സ്വത്തിന്റെ മേലുള്ള ബാധ്യതകളെ കുറിച്ച് സ്വതന്ത്രമായ അന്വേഷണങ്ങൾ നടത്താൻ പങ്കെടുക്കാൻ ഉദ്ദേശിക്കുന്ന ലേലക്കാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. 12. ഇ - ലേല പ്രക്രിയയെക്കുറിച്ചുള്ള വിശദാംശങ്ങൾക്കും ഓൺലൈൻ പരിശീലനത്തിനും ഉദ്ദേശിക്കുന്ന ലേലക്കാർക്ക് സേവനദാതാവായ M/s 4ക്ലോഷർ, ബ്ലോക്ക് നമ്പർ.605 എ, ആറാം നില, മൈത്രിവനം കൊമേഴ്സ്യൽ കോംപ്ലക്സ്, അമീർപേട്ട്, ഹൈദരാബാദ് - 500038 അതിന്റെ കോ-ഓർഡിനേറ്റർമാരായ കർണാടക & ഗോവ, മൊബ്. No.8142000809, srinivas@bankauctions.in & തെലങ്കാന & എപി മൊബ് നമ്പർ 8142000064, prakash@bankauctions.in & ഒഡീഷ, പശ്ചിമ ബംഗാൾ, ഛത്തീസ്ഗഢ്, NE സ്റ്റേറ്റ്സ് മൊബ് നമ്പർ 814200030,pradhan@bankauctions.in & തമിഴ്നാട് & കേരള മൊബ് നമ്പർ 8142000735, dinesh@bankauctions.in & ഡൽഹി, എൻസിആർ, പഞ്ചാബ്, ഗുജറാത്ത്, ഹരിയാന & ഉത്തര സംസ്ഥാനങ്ങളിലെ മൊബ് നമ്പർ 9515160064, prakash@bankauctions.in & മഹാരാഷ്ട്ര, ഗുജറാത്ത് & മധ്യപ്രദേശ് മൊബ് നമ്പർ 8142000725, arijit@bankauctions.in കൂടാതെ ഇമെയിൽ : info@bankauctions.in അല്ലെങ്കിൽ മനീഷ് ബൻസൽ, ഇമെയിൽ ഐഡി Manish.Bansal@ tatacapital.com അംഗീകൃത ഓഫീസർ മൊബൈൽ നമ്പർ 8588983696. ദയവായി നിങ്ങളുടെ പരാതികൾക്ക് വാട്ട്സ്ആപ്പ് നമ്പർ - 9999078669 13. 13. ഉയർന്ന ലേലക്കാരൻ നൽകിയിട്ടുള്ള ഏറ്റവും ഉയർന്ന ലേലത്തിന്റെ 1% ആയിരിക്കും ടിഡിഎസ്. തുക അടയ്ക്കുന്നതിനായി ഉടമയുടെ/വായ്പക്കാരന്റെ(കളുടെ) പാൻകാർഡ് ചലാന്റെ പകർപ്പും ഞങ്ങളുടെ കമ്പനിക്ക് സമർപ്പിക്കേണ്ടതാണ്. 14. മുകളിലുള്ള വിശദാംശങ്ങൾക്ക് സുരക്ഷിത വായ്പാദാതാവിന്റെ വെബ്സൈറ്റായ hhttp://surl.li/zuhull ൽ നൽകിയിരിക്കുന്ന ചുവടെയുള്ള ലിങ്ക് പരിശോധിക്കുക. 15. ദയവായി https://www.tatacapital.com/property-disposal.html ലിങ്കും സന്ദർശിക്കുക:

ദയവായി ശ്രദ്ധിക്കുക.: സ്വത്തു വിൽപ്പന/ലേലത്തിനായി സൂചിപ്പിച്ച ലേല പങ്കാളിയെ കൂടാതെ ടിസിഎച്ച്എഫ്എൽ ഒരു ബ്രോക്കറെയോ/ഏജന്റിനെയോ ഏൽപ്പിച്ചിട്ടില്ലാത്തതാകുന്നു. ഈ വിഷയത്തിലെ എല്ലാ സംശയങ്ങൾക്കും അന്വേഷണങ്ങൾക്കും താൽപ്പര്യമുള്ള കക്ഷികൾ താഴെ ഒപ്പിട്ടിരിക്കുന്ന അല്ലെങ്കിൽ അംഗീകൃത ഉദ്യോഗസ്ഥനെ മാത്രമേ ബന്ധപ്പെടാവൂ.

സ്ഥലം : തിരുവനന്തപുരം
തീയതി : 12.11.2024

(ഒപ്പ്) അംഗീകൃത ഓഫീസർ,
ടാറ്റ ക്യാപ്പിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്